## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3458

20.06.2018-ൽ മറുപടിയ്ക്ക്

### ട്രാഫിക് നിയമ ലംഘകർക്കെതിരെയുള്ള പോലീസ് നടപടികൾ

| ചോദ്യം<br>ശ്രീ.എ.പി.അനിൽ കുമാർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | റോഡപകടങ്ങളിൽ നിരവധി പേർ മരണമടയുന്നതും ആയിരക്കണക്കിന് ആളുകൾക്ക് അംഗവൈകല്യം സംഭവിക്കുന്നതും ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; | (എ) | കണക്കിലെടുത്തിട്ടുണ്ട്. |
| (ബി) | റോഡപകടങ്ങളുടെ നിരക്ക് മുൻവർഷത്തെ അപേക്ഷിച്ച് പത്ത് ശതമാനം കുറയ്ക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്; | (ബി) | തീരുമാനം എടുത്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാ പോലീസ് മേധാവിമാരോടും ഓരോ ജില്ലയിലും 10 ശതമാനം അപകടം കുറയ്ക്കുന്നതിന് സ്വീകരിക്കേണ്ട നടപടി-കളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലാ പോലീസ് മേധാവിമാരും അവർ തയ്യാറാക്കിയ ആക്ഷൻ പ്ലാൻ അനുസരിച്ച് ഐ.ജി.പി. ട്രാഫിക്കിന്റെ മേൽനോട്ടത്തിൽ എൻഫോഴ്സ്മെന്റ് കാര്യക്ഷമമാക്കുകയും വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുപരിയായി ട്രാഫിക് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കർശനമായി നടപ്പിലാക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ട്രാഫിക് സിഗ്നലുകൾ രാത്രി 12 മണി വരെ നിർബന്ധമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ട്രാഫിക് നിയമ ലംഘകരെ കണ്ടെത്തുന്നതിനും അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും പോലീസിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. ഗതാഗത നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിലേയ്ക്കും,നിയമ ലംഘകർക്ക് തക്കതായ ശിക്ഷ ഉറപ്പാക്കുന്നതിലേയ്ക്കും, ട്രാഫിക് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനുമായി പോലീസ് ആസ്ഥാനത്തെ 31.05.2018 തീയതിയിലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നം.26/18 പ്രകാരം വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

Syam

സെക്ഷൻ ഓഫീസർ

12